4. ആലപ്പുഴ	1722	5,04,45,500
5. കോട്ടയം	1023	1,80,23,250
6. ഇടുക്കി	967	29,19,000
7. എറണാകുളം	2028	5,81,66,500
8. തൃശ്ശൂർ	1330	3,62,56,500
9. പാലക്കാട്	1508	2,85,77,500
10. മലപ്പുറം	1642	3,24,15,250
11. കോഴിക്കോട്	1570	5,08,98,750
12. കണ്ണൂർ	1431	3,78,12,250
13. വയനാട്	502	9,33,62,50
14. കാസർകോട്	975	1,87,26,750
ആകെ	18133	44,32,08,500

2003-2004 വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല.

(ബി) 50% ഗുണഭോക്താക്കളെ അർഹതയുള്ള മുഴുവൻ പേരിൽ നിന്നും നറുക്കെടുപ്പു വഴിയും, 20% ഗുണഭോക്താക്കളെ വിധവകൾ, അംഗവൈകല്യമുള്ളവർ, പെൺകുട്ടികൾ കൂടുതലുള്ള കുടുംബങ്ങൾ, ഗുരുതരമായ രോഗം പിടിപെട്ടിട്ടുള്ളവരോ അത്തരം രോഗികൾ സംരക്ഷണയിലുള്ളവരോ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. 30% ഗുണഭോക്താക്കളെ അർഹതയുള്ള അപേക്ഷകരിൽ നിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരാണ് തിരഞ്ഞെടുക്കുന്നത്.

(സി) സമിതി രൂപീകരിച്ചിട്ടുണ്ട്. ഒരോ ബ്ലോക്കിലെയും ബന്ധപ്പെട്ട എം.എൽ.എ. മാർ, ജില്ലാതല പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മിറ്റികളിൽ സർക്കാർ നോമിനേറ്റ് ചെയ്തിട്ടുള്ള അനൗദ്യോഗിക അംഗങ്ങൾ, ജില്ലയിൽ നിന്നും സംസ്ഥാന പട്ടികജാതി ഉപദേശക സമിതിയിലുള്ള അംഗങ്ങൾ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഈ കമ്മിറ്റിയുടെ കൺവീനർ ജില്ലാ പട്ടികജാതി വികസന ഓഫീസറാണ്.

ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ

77 (1765) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്ന എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-2002-ൽ എസ്.സി.പി. കോ-ഓർഡിനേറ്റേഴ്സ് വഴി ശേഖരിച്ച കണക്കനുസരിച്ച് കേരളത്തിൽ ഭവനരഹിതരായ 69627 കുടുംബങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

1. തിരുവനന്തപുരം	-	8,785
2. കൊല്ലം	-	1,576
3. പത്തനംതിട്ട	-	8,095
4. ആലപ്പുഴ	-	7,689
5. കോട്ടയം	-	5,433
6. ഇടുക്കി	-	6,390
7. എറണാകുളം	-	5,667
8. തൃശ്ശൂർ	-	10,804
9. പാലക്കാട്	-	5,037
10. മലപ്പുറം	-	4,451
11. കോഴിക്കോട്	-	1,277
12. കണ്ണൂർ	-	907
13. വയനാട്	-	851
14. കാസർകോട്	-	2,415
ആകെ		69,627

(ബി) പട്ടികജാതി വികസനവകുപ്പിൽ നിന്നും ഭവന നിർമ്മാണത്തിന് ധന സഹായമായി ഒരു ഗുണഭോക്താവിന് 70,000 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. 2002 -2003 സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം 13,436 (പതിമൂന്നായിരത്തി നാന്നൂറ്റി മുപ്പത്തിയാറ്) പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾവഴി നടപ്പാക്കുന്ന ഈ പദ്ധതിക്ക് ഒരു ഗുണഭോക്താവിന് 35,000 രൂപ ക്രമത്തിലാണ് ധനസഹായം അനുവദിച്ചുവരുന്നത്.

ഭവന നിർമ്മാണപദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകൾ

78 (1766) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പുവഴി 70,000 രൂപ നിരക്കിലും, 35,000 രൂപ നിരക്കിലും ഭവനനിർമ്മാണ പദ്ധതിപ്രകാരം എത്ര വീടുകൾ അനുവദിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly